ആഗസ്റ്റ് 23, 2008

# പ. എപ്പിസ്കോപ്പൽ സുന്നഹദോസ് യോഗങ്ങൾ സമാപിച്ചു

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആഗസ്റ്റ് 18 മുതൽ 22 വരെ കോട്ടയം പഴയ സെമിനാരിയിൽ കൂടി.

അഹമ്മദാബാദ്, ബാംഗ്ളൂർ, നോർത്ത് ഈസ്റ്റ് അമേരിക്ക, സൗത്ത് വെസ്റ്റ് അമേരിക്ക, ലണ്ടൻ എന്നീ ഭദ്രാസനങ്ങളുടെ രൂപീകരണം അംഗീകരിച്ചു.

HIV/AIDS ബാധിതരുടെ ഇടയിലുള്ള കാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിശ്ചയിച്ചു.

സഭവകയായി ഒരു സന്യാസ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനും, പഴയ സെമിനാരിയിൽ സുന്നഹദോസിനുവേണ്ടി ഒരു സമ്മേളന ഹാൾ സമുച്ചയം നിർമ്മിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു.

ഗോവയിലെ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കബറിടം തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കും.

കമ്മ്യൂണിറ്റി ഓഫ് സെന്റ് ഡയനീഷ്യസ് (മദ്രാസ്), ഓർഡർ ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് സെന്റ് ഗ്രീഗോറിയോസ് (കോഴിക്കോട്), സൊസൈറ്റി ഓഫ് സെന്റ് ബേസിൽ (പത്തനംതിട്ട) എന്നീ സന്യാസ പ്രസ്ഥാനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

ബി – ഷെഡ്യൂളിൽപ്പെട്ട സഭവക സ്ഥാപനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും സംഘടനകളുടേയും 2007 – 2008 – ലെ വരവുചെലവുകണക്കുകൾ പാസ്സാക്കി.

2008 സെപ്റ്റംബർ 11 ന് ചേരുന്ന മലങ്കര സുറിയാനി ക്രിസ്ത്യനി അസ്സോസിയേഷൻ യോഗത്തിൽ തരഞ്ഞെടുക്കപ്പെടുന്ന എപ്പിസ്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുന്നതിനായി സുന്നഹദോസിന്റെ പ്രത്യേക യോഗം സെപ്റ്റംബർ 22 ന് ചേരും.

**ഫാ. പോൾ പി. തോമസ്**
(ഓഫീസ് സെക്രട്ടറി)